മുപ്പത് മില്ലിഗ്രാം എം.ഡി.എം.എ യുമായി രണ്ട് യുവാക്കൾ അറസ്റ്റിൽ. നായരമ്പലം വെളിയത്ത് പറമ്പ് ഓലിപ്പറമ്പിൽ വീട്ടിൽ രാഹുൽ(27), വയനാട് കണിയപ്പേട്ട പള്ളിയറ വീട്ടിൽ അജീഷ് (33) എന്നിവരെയാണ് ഞാറക്കൽ പോലീസ് അറസ്റ്റ് ചെയ്തത്. കാറിലെ ഡാഷിൽ സൂക്ഷിച്ച നിലയിലാണ് മയക്കുമരുന്ന് കണ്ടെത്തിയത്. പോലീസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ വെളിയത്താംപറമ്പ് ബീച്ച് ഭാഗത്ത് വച്ചാണ് എം.ഡി.എം.എ പിടികൂടിയത്.